LIBRARY ARCHIVES Kerala Legislative Assembly

സർവ്വശിക്ഷാ അഭിയാൻ പദ്ധതി

78 (4695) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്ക് കേന്ദ്രം അനുവദിച്ച തുക ഏതെല്ലാം പദ്ധതികൾക്കുവേണ്ടിയാണ് ചെലവഴിച്ചതെന്നു വ്യക്തമാക്കാമോ ;

(ബി) സ്കൂൾ കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുവാൻ ഈ പദ്ധതിയിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോയെന്നും ; എല്ലാവർക്കും യൂണിഫോം വിതരണം പൂർത്തിയാക്കിയിട്ടുണ്ടോയെന്നും പറയാമോ;

(സി) ഈ വർഷം എസ്.എസ്.എ. പദ്ധതി വിഹിതം ഉപയോഗിച്ച് കേന്ദ്രം അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കുവാൻ സംസ്ഥാനത്ത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും അത് നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ ഉറപ്പുവരുത്തുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സർവ്വ ശിക്ഷാ അഭിയാൻ കേരളയ്ക്ക് നടപ്പുവർഷം 429.81 കോടി രൂപ പദ്ധതി അടങ്കലായി അനുവദിച്ചു. ഇതിൽ കേന്ദ്ര വിഹിതം 259.22 കോടിയാണ്. 103 കോടി ലഭിച്ചു. 30-11-2014 വരെ 120.50 കോടി രൂപ ചെലവഴിച്ചു. താഴെ പറയുന്ന മേഖലകളിലാണ് തുക പ്രധാനമായും ചെലവഴിക്കുന്നത്.

1. സൗജന്യ പാഠപുസ്തകം
2. സൗജന്യ യൂണിഫോം
3. അദ്ധ്യാപക പരിശീലനം
4. സ്കൂൾ ഗ്രാന്റ്
5. ഗവേഷണവും മൂല്യനിർണ്ണയവും
6. ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സഹായ വിതരണം
7. പെൺകുട്ടികളുടെ വിദ്യാഭ്യാസം
8. പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം

9. ന്യൂനപക്ഷ വിദ്യാഭ്യാസം

10. കമ്മ്യൂണിറ്റി പരിശീലനം

11. സിവിൽ വർക്ക്

12. പഠന ബോധന പരിപാടി

13. സാമൂഹ്യ പുങ്കാളിത്തം

(ബി) 2014-15 സാമ്പത്തിക വർഷം യൂണിഫോമിനായി അനുവദിക്കപ്പെട്ട തുക ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളുകളിലെ എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാവർക്കും യൂണിഫോം വിതരണം നടത്തിവരുന്നു.

(സി) 2013-14 വർഷത്തെ വാർഷിക പദ്ധതിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തുവാനുള്ള നടപടികൾ സംസ്ഥാന ജില്ലാ ഓഫീസുകൾ കൈക്കൊണ്ടുവരുന്നു.

അദ്ധ്യാപകരുടെ പെൻഷൻ പ്രായം വർദ്ധനവ്

79 (4696) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മാസം മുതൽ നാളിതുവരെ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ കെ.ഇ.ആർ. വ്യവസ്ഥ അനുസരിച്ച് 1:45 അനുപാതത്തിൽ അധിക തസ്തികയുണ്ടായത് പ്രകാരം പ്രസ്തുത തസ്തികയിൽ നിയമിതരായ അദ്ധ്യാപകർക്ക് എന്ന് നിയമന അംഗീകാരം നൽകും; വിശദാംശം ലഭ്യമാക്കുമോ ;

(ബി) അദ്ധ്യാപകരുടെ പെൻഷൻ പ്രായം വർദ്ധനവ് പരിഗണനയിലുണ്ടോ?.

ഉത്തരം

(എ) 2011-നുശേഷം അധിക തസ്തികകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടേതുൾപ്പെടയുള്ള വിഷയങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. അന്തിമ രൂപമായിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly